Mr. A. Madhava Prabhu *(Diwan Peishkar):* No necessity has yet arisen for the Government to purchase and stock rice.

GRANT OF LANDS TO DEPRESSED CLASSES IN MATTATHUR VILLAGE—PARTICULARS REGARDING

253. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവുചെയ്ത മറുപടി പറയുമോ.—

(എ) മറ്റത്തൂർ വില്ലേജിൽ നികുതിയൊ ലൈസൻസൊ ചുമത്തി ഹരിജനങ്ങൾക്ക കുടിപാർപ്പിനായി വല്ല ഭൂമികളും റവന്യൂ വകുപ്പിൽനിന്ന കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ആളുകൾക്ക്?

മിസ്റ്റർ എ. മാധവപ്രഭു :

(എ) ലൈസൻസിന്മേൽ കൊടുത്തിട്ടുണ്ട്.

(ബി) 24 ആളുകൾക്ക്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ഒരേക്കറിന് ലൈസൻസ്സ് ഫീസ്സ് എന്താണ്?

മിസ്റ്റർ എ. മാധവപ്രഭു : നോട്ടീസ്സ് വേണം.

FISHING STAKES IN PANAMBUKAD, VALLARPADOM VILLAGES—COMPENSATION FOR

254. മിസ്റ്റർ വി. കെ. കുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി പറയുമോ.—

(എ) പനമ്പുകാട്, വല്ലാർപാടം പരിസരങ്ങളിലുള്ള പള്ളിത്താഴം ഊന്നികളുടെ നഷ്ടപരിഹാരത്തിനായി എത്ര സംഖ്യയാണ് ഗവൺമെണ്ട് നീക്കിവെച്ചിട്ടുള്ളത്;

(ബി) ഇതിൽ വല്ല സംഖ്യയും ഊന്നിയുടമസ്ഥന്മാർക്ക് കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഈ ഊന്നികളിൽനിന്ന വല്ല വരുമാനവും ഇപ്പോൾ അവർക്ക് ഉണ്ടാകുന്നുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു :

(എ) യാതൊരു സംഖ്യയും നീക്കിവെച്ചിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി : ഈ ഊന്നികൾക്ക നികുതി വസൂലാക്കുന്നുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു : ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി : ഈ ഊന്നികൾ നിരുപയോഗമായി പോകുവാനുള്ള കാരണമെന്താണ്?

മിസ്റ്റർ എ. മാധവപ്രഭു : പല കാരണങ്ങളുമുണ്ട്. ഇൻവെസ്റ്റിഗേഷൻ പലതരത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി : ഈ ഊന്നികളുടെ നഷ്ടപരിഹാരത്തിന്നായി ഒരു സംഖ്യ ബഡ്ജറിൽ മാററിവെച്ചിരുന്നില്ലേ ?

മിസ്റ്റർ എ. മാധവപ്രഭു : 8,000 ഉറുപ്പിക അതിലേക്കു മാററിവെച്ചിരുന്നു. ലോൺ കൊടുക്കുവാൻ സെക്യൂരിട്ടി തരുന്നതിനു് ആളില്ലാത്തതുകൊണ്ടു് കൊടുത്തിട്ടില്ല. രണ്ടു കൊല്ലം ഈ സംഖ്യ ബഡ്ജറിൽ കൊള്ളിച്ചിരുന്നു. ഗവൺമെണ്ടു വക 8,000 ഉറുപ്പികയും മററും സെക്യൂരിട്ടിയില്ലാതെ വെറുതെ കൊടുക്കുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ വി. കെ കുട്ടി : ഊന്നികൾ പണയമായി സ്വീകരിച്ചെങ്കിലും പണം കൊടുക്കരുതോ ?

മിസ്റ്റർ എ. മാധവപ്രഭു : ആലോചിക്കാം.

GOVERNMENT AND AIDED SCHOOLS—CASTE WAR STATEMENT OF TEACHERS

255. Mr. C. V. Iyyu *(Kunnamkulam):* Will the Government be pleased to supply in the form given hereunder the information asked for.—

No. of schools in the State both Government and aided	The No. of Hindu teachers employed in them with the amount they draw per annum as pay	The No. of Xian teachers employed in them with the amount they draw per annum as pay	The No. of other castes with their pay per annum
1	2	3	4

Rao Sahib I. N. Menon *(Director of Public Instruction):*

1	2	3	4
618	No. 3,362 Pay Rs. 11,39,498	2,208 Rs. 6.49,556	175 Rs. 40,295

GOVERNMENT EDUCATIONAL INSTITUTIONS—TRANSFER OF MANAGEMENT

256. Mr. K. R. Viswambharan *(Ezhuvas-Talappalli):* Will the Government be pleased to state.—

(*a*) whether any proposal is at hand with the Government to transfer the management of any Government Educational Institution to any private agency;

(*b*) any requisition for such transfers of management is pending disposal;

LIBRARY ARCHIVES Kerala Legislative Assembly